©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

## അൻപത്തിയൊൻപതാമത് റിപ്പോർട്ട്

**(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത് )**

**[സമിതി(2004-2006)യുടെ ഇരുപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2019-2021)

## അൻപത്തിയൊൻപതാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2004-2006)യുടെ ഇരുപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

234/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 28 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)
## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

* ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

** ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

**2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2019-2021)യുടെ 59-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-2006)യുടെ ഇരുപതാമത് റിപ്പോർട്ടിലെ (പാലക്കാട്, മലപ്പുറം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി, 13.

# റിപ്പോർട്ട്

അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2004-2006)യുടെ 20-ാമത് റിപ്പോർട്ടിലെ (പാലക്കാട്, മലപ്പുറം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 20-ാമത് റിപ്പോർട്ട് 2006 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 20 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി 24-10-2007, 4-6-2008, 27-8-2014, 25-2-2015, 14-12-2016, 15-11-2017, 19-12-2018, 18-9-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മപരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടി, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും

ഖണ്ഡിക നമ്പർ 42

**ശിപാർശ**

2.1.1 ഡ്രൈവിംഗ് പരിശീലനം നൽകിയെങ്കിൽ പരിശീലനം നൽകിയവരുടെ പേരുവിവരങ്ങളും ലൈസൻസ് ലഭിച്ചതിന്റെ വിശദാംശങ്ങളും നൽകുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുമായിരുന്നില്ല. അത്തരം വിവരങ്ങൾ നൽകാത്ത സാഹചര്യത്തിലും 44 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയെന്ന് തെളിയിക്കാൻ കഴിയാത്ത

സാഹചര്യത്തിലും ഈ പദ്ധതിക്കായി ചെലവഴിച്ച 54,750 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഡ്രൈവിംഗ് പരിശീലനപദ്ധതിമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 54,750 രൂപ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. രോഹിതേശ്വരനിൽ നിന്ന് ഈടാക്കുന്നതിന് 15-12-2007-ലെ P 1059/07/BDO/PTB നമ്പർ റിക്വിസിഷൻ പ്രകാരം RR നടപടിക്ക് പാലക്കാട് ജില്ലാ കളക്ടർക്ക് കൈമാറുകയും ജില്ലാകളക്ടറുടെ 18-1-2008-ലെ B6/2008/64/9-ാം നമ്പർ കത്ത് പ്രകാരം ഒറ്റപ്പാലം തഹസീൽദാരെ RR നടപടിക്ക് ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിന് വിവിധ ഇനങ്ങളിൽ സാമ്പത്തിക നഷ്ടം വരുത്തിയതിന്മേലുള്ള റിക്കവറി നടപടികൾക്കെതിരെ W.P. (C) No. 28337/2007 ആയി ടിയാൻ നൽകിയ പരാതിയിൽ റിക്കവറി നടപടികൾ സ്വീകരിച്ചത് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.3 ശ്രീ. രോഹിതേശ്വരൻ റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ നൽകിയ ഡബ്ല്യൂ. പി (സി) നമ്പർ 28337/07 നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കുന്നത് തടഞ്ഞുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവുണ്ടായി. എന്നാൽ ഇതിനെതിരെ അപ്പീൽ പോകുന്നത് അഭികാമ്യമല്ല എന്ന് ഗവൺമെന്റ് പ്ലീഡർ ശ്രീ. ദിലീപ് മേനോൻ നിയമോപദേശം നൽകിയതിനാൽ, ടി വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.1.4 പ്രസ്തുത ശിപാർശയിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 49

**ശിപാർശ**

2.2.1 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രോജക്ടുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയ വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സമിതിക്ക് നൽകണമെന്നും ഈ പരാമർശവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം

ഈടാക്കിയിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ അന്നത്തെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ഐ. എസ്. രാമചന്ദ്രനെതിരെ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള ശിക്ഷാ നടപടികളുടെ വിശദാംശം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 ശ്രീ. ഐ. എസ്. രാമചന്ദ്രനെതിരെ സർച്ചാർജ്ജ് നടപടി പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും 25-5-2007 തീയതിയിലെ ഇ.ഡി.1/20413/04 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടർ ടിയാനെതിരായ അച്ചടക്ക നടപടി ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞു വച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും ടിയാൻ തൃശ്ശൂർ ജില്ലാ കേന്ദ്രത്തിൽ നിന്നും 30-4-2007 തീയതിയിൽ വിരമിച്ചതായും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.3 ശ്രീ. ഐ. എസ്. രാമചന്ദ്രന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടർ 25-5-2007-ൽ ഇ.ഡി.1/20413/2004 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 30-4-2007-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു.

<u>25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.2.4 ക്രമക്കേടുകൾ സംബന്ധിച്ച് നടത്തിയ വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കിയിട്ടുണ്ടോ എന്നതിനുമുള്ള മറുപടിയും 15 ദിവസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.5 1. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറുടെ 25-5-2007-ലെ നടപടിക്രമം ഇ.ഡി.1/20413/04-ന്റെ പകർപ്പും 5-5-2015-ന് ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം ശ്രീ. ഐ. എസ്. രാമചന്ദ്രന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുവച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.

2. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സമിതിയോട് അപേക്ഷിക്കുന്നു.

15-11-2017-ലെ സമിതി യോഗ തീരുമാനം

2.2.6 വാണിജ്യ വ്യവസായ ഡയറക്ടറുടെ 25-5-2007-ലെ ഇ.ഡി.1/20413/04 നമ്പർ നടപടി ഉത്തരവ് നടപ്പിൽ വരുത്തുന്നതിനും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും സമിതി ആവശ്യപ്പെട്ടു.

15-11-2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.2.7 വ്യവസായ വികസന ഓഫീസർ ആയിരുന്ന ശ്രീ. ഐ.എസ്. രാമചന്ദ്രനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കികൊണ്ടുള്ള, വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം ആരാഞ്ഞ് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് 8-11-2018-ൽ കത്ത് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.8 തുടർ നടപടികൾ ആരാഞ്ഞ് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് 8-11-2018-ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ 3-12-2018-ന് നൽകിയ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടു. ശ്രീ. ഐ. എസ്. രാമചന്ദ്രൻ, വ്യവസായ വികസന ഓഫീസർക്കെതിരെയുള്ള നടപടി സംബന്ധിച്ച രേഖകൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ കണ്ടെത്താൻ കഴിയാത്തതിനാൽ ആയത് ലഭ്യമാക്കുവാൻ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**തുടർശിപാർശ**

**2.2.9 വ്യവസായ വികസന ഓഫീസർക്കെതിരെ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാനും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 53

### ശിപാർശ

2.3.1 ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാങ്ങിയ ആംബുലൻസ് ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുപകരം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായി അഗളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലാണ് പ്രസ്തുത ആംബുലൻസ് സൂക്ഷിക്കേണ്ടിയിരുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.3.2 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസ് ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ പേരിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് മാറ്റുന്നതിന് തിരുവനന്തപുരം ആർ.ടി.ഒ. യുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ആവശ്യമാണെന്ന് മണ്ണാർക്കാട് ആർ.ടി. ഓഫീസിൽ നിന്നും അറിയിച്ചതനുസരിച്ച് പ്രസ്തുത രേഖകൾ അടിയന്തരമായി എത്തിക്കുവാൻ അഗളി സാമൂഹ്യാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മേൽ വാഹനം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് മാറ്റുന്നതാണ്. പ്രസ്തുത ആംബുലൻസ് അഗളി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലാണ് സൂക്ഷിച്ചുവരുന്നതെന്ന് റിപ്പോർട്ട് ചെയ്യുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.3 ആംബുലൻസിന്റെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിനായി 9-10-2014-ൽ നടത്തിയ പ്രാദേശിക പരിശോധനാ വിവരം താഴെ ചേർക്കുന്നു:

1. ആംബുലൻസ് അഗളി സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ ഷെഡ്ഡിൽ പൊടിപിടിച്ച് കിടക്കുന്നു.

2. ലോഗ് ബുക്ക് പ്രകാരം 120190 കി.മീ. മാത്രമാണ് ഓടിയിട്ടുള്ളത്. 30-11-2009-ന് ശേഷം വാഹനം ഉപയോഗിച്ചിട്ടില്ല.

3. അംബുലൻസിന്റെ രജിസ്ട്രേഷൻ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ആംബുലൻസ് ആദിവാസി മേഖലയിൽ ഉപയോഗപ്രദമാക്കുന്നതിന് സത്വര നിർദ്ദേശം നൽകാവുന്നതാണ്.

25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.3.4 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് വാങ്ങിയ ആംബുലൻസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.5 ആംബുലൻസ് അഗളി സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ ഷെഡ്ഡിൽ പൊടിപിടിച്ച് കിടക്കുന്നതായി 9-10-2014-ന് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴും ഇതേ അവസ്ഥയിൽ തുടരുന്നതായി ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആംബുലൻസിന്റെ ഉടമസ്ഥാവകാശം നാളിതുവരെ മാറ്റിയിട്ടുമില്ല.

ഈ വിഷയത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സമിതിയോട് അപേക്ഷിക്കുന്നു.

**തുടർശിപാർശ**

**2.3.6 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ വാങ്ങിയിരുന്ന ആംബുലൻസ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാക്കണമെന്ന സമിതി നിർദ്ദേശം പാലിക്കാതിരുന്ന ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സമിതിയുടെ മുൻശിപാർശ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 58

**ശിപാർശ**

2.4.1 അഗളി സാംബർക്കോട് നടപ്പാലം പണിയുമായി ബന്ധപ്പെട്ട് കുറ്റക്കാരനായ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർ ശ്രീ. മണിക്കെതിരെ നടത്തിയ വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സമിതിയ്ക്ക് നൽകണമെന്നും പാലം നിർമ്മിച്ച് നൽകുന്നതിനായി ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ബ്ലോക്കു പഞ്ചായത്തുമായുണ്ടാക്കിയ കരാർ ലംഘിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രവൃത്തിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് നൽകിയ 4,02,805 രൂപ 18% പലിശ സഹിതം ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും, പണി പുരോഗമിക്കുന്നുവെന്ന രീതിയിൽ തെറ്റായി റിപ്പോർട്ട് നൽകി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിക്കാൻ കൂട്ടുനിന്ന ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർ ശ്രീ. മണിയിൽ നിന്നുമായി ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 സമിതിയുടെ ശിപാർശ പ്രകാരം ടിയാനിൽ നിന്നും ഈടാക്കേണ്ടതായ 4,02,805 രൂപയുടെ പകുതി, പലിശ സഹിതം നടപടിക്രമങ്ങൾ പാലിച്ച് ടിയാന് ലഭിക്കേണ്ടതായ ഗ്രാറ്റുവിറ്റിയിൽ നിന്നോ അത് സാധ്യമല്ലാത്തപക്ഷം കെ.എസ്.ആർ. മൂന്നാം ഭാഗം ചട്ടം 116 പ്രകാരം സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്തോ ശ്രീ. മണിയിൽ നിന്നും ഈടാക്കുവാൻ 28-11-2009-ലെ സർക്കാർ ഉത്തരവ് (സാധാരണ) 1711/09/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.3 1. ഈ വിഷയത്തിനാധാരമായ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് (2003-04) ഖണ്ഡിക 4.8.4 പ്രകാരം സാംബർക്കോട് നടപ്പാലത്തിനായി ചെലവഴിച്ച തുക 4,01,805 രൂപയാണ്. സമിതിയുടെ ശിപാർശ പ്രകാരം തിരിച്ചുപിടിക്കുവാൻ ആവശ്യപ്പെട്ട തുക 4,02,805 രൂപയാണെന്ന് കാണുന്നു.

2. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിവിലേയ്ക്കായി താഴെ ചേർക്കുന്നു:

(i) അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിക്വിസിഷൻ പ്രകാരം പാലക്കാട് ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെങ്കിലും കൺവീനർ ശ്രീ. രഘുത്തമൻ, ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി).18119/06 നമ്പർ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്ത് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനായി ബഹു. അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിക്കുകയും വസ്തുതാവിവരണ പത്രിക അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ii) സമിതിയുടെ ശിപാർശയിന്മേൽ ഉള്ള സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1711/09/പൊ.മ.വ. തീയതി 28-11-2009 പ്രകാരം എഞ്ചിനീയർ ശ്രീ. മണിയിൽ നിന്നും പകുതി തുക പലിശ സഹിതം ഈടാക്കുന്നതിനായി കൺവീനർ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ തീയതി സഹിതം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് 3-6-2010 തീയതിയിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രജിസ്റ്റേർഡ് തപാൽ മുഖേന അയച്ചുകൊടുത്തിട്ടുണ്ട്.

മേൽ വിവരങ്ങൾ തുടർനടപടികൾക്കായി അറിയിക്കുന്നു.

27-8-2014-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.4.4 സമിതി ശിപാർശ ചെയ്തതിനുശേഷം 4 വർഷം സർവ്വീസിൽ തുടർന്ന ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചും നഷ്ടത്തുക ഈടാക്കിയും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

27-8-2014-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.4.5 സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1711/09/പൊ.മ.വ. തീയതി 28-11-2009-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മണിക്കെതിരെ അച്ചടക്ക നടപടിയായി ഒരു ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യം കൂടാതെ ഒരു കൊല്ലത്തേയ്ക്ക് 15-3-2003-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 236/03/പൊ.ഭ.വ. പ്രകാരം തടഞ്ഞതായി സൂചിപ്പിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.6 സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. നഷ്ടോത്തരവാദിയിൽ നിന്നും നഷ്ടം ഈടാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.4.7 ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്മേലുള്ള സ്റ്റേ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടോത്തരവാദികളിൽ നിന്നും നഷ്ടത്തുക ഈടാക്കി അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 64

**ശിപാർശ**

2.5.1 നിർദ്ധനരായ സ്കൂൾ വിദ്യാർത്ഥികൾക്കായി 1,52,122 രൂപയുടെ യൂണിഫോം തുണി വാങ്ങിയെന്ന് അവകാശപ്പെട്ടെങ്കിലും തുണി വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകളും സ്റ്റോക്ക് രജിസ്റ്ററും അവ വിതരണം ചെയ്ത രേഖകൾ സംബന്ധിച്ചതുമായ ഫയലുകളും ഓഡിറ്റിന് നൽകിയില്ലെന്ന് മാത്രമല്ല സമിതി നിർദ്ദേശപ്രകാരം രണ്ടാമത് പ്രാദേശിക പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാതിരുന്ന തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ലതയുടെ നടപടി ഗൗരവമായിട്ടാണ് സമിതി വീക്ഷിക്കുന്നത്. ശ്രീമതി ലതയ്ക്കെതിരെ യുക്തമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ യൂണിഫോം തുണി വാങ്ങുന്നതിനായി 1,52,122 രൂപ ചെലവഴിച്ചതിന്റെയും സ്കൂൾ കുട്ടികൾക്ക് തുണി വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ചെലവഴിച്ചതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 യൂണിഫോം തുണി വാങ്ങിയതുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കാത്തതിന് ഓഡിറ്റ് നടന്ന സമയത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി പി. ലതയ്ക്കെതിരെ വകുപ്പുതല

നടപടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതിന് തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13-11-2006-ലെ സി.811/06(1) നമ്പർ കത്ത് പ്രകാരം മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) നോട് അപേക്ഷിച്ചിരുന്നു. എന്നാൽ ശ്രീമതി പി. ലത വേങ്ങര ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരിക്കെ 31-1-2008-ന് സർവ്വീസിൽ നിന്നും വിരമിച്ചിരിക്കുന്നു. നിലവിൽ യൂണിഫോം തുണി വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ഫയൽ കണ്ടുകിട്ടിയിട്ടുണ്ട്. ടി ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്.

യൂണിഫോം തുണി വാങ്ങിയതുമായി ബന്ധപ്പെട്ട പദ്ധതി നടപ്പിലാക്കിയ കാലയളവിൽ സെക്രട്ടറിമാരായിരുന്നത് ശ്രീ. വി. അബ്ദുള്ള, ശ്രീ. പി. ഉണ്ണീൻകുട്ടി എന്നിവരായിരുന്നു. രണ്ട് പേരും സർവ്വീസിൽ നിന്നും വിരമിച്ചു. നിർധനരായ സ്കൂൾ വിദ്യാർത്ഥികൾക്കായി 1,52,122 രൂപ ചെലവഴിച്ച് യൂണിഫോം തുണി വാങ്ങി വിതരണം ചെയ്തവകയിൽ അന്നത്തെ സെക്രട്ടറിമാരായിരുന്ന ശ്രീ. വി. അബ്ദുള്ള, ശ്രീ. പി. ഉണ്ണീൻകുട്ടി എന്നിവരിൽ നിന്നും യഥാക്രമം 67,634 രൂപ, 84,488 രൂപ എന്നിങ്ങനെ തിരിച്ചടവാക്കുന്നതിന് ബ്ലോക്ക് ഓഫീസിലെ 18-2-2009 തീയതിയിലെ ഇ.811/06 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറിയ്ക്ക് വേണ്ടി ജില്ലാ കലക്ടർക്ക് ശിപാർശ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രീ. വി. അബ്ദുള്ള (റിട്ട. ബി.ഡി.ഒ.) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No. 19819/09 നമ്പർ ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15-7-2009-ലെ WP(C) No. 19819/09(y) നമ്പർ ആയി ഇടക്കാല സ്റ്റേ ഉത്തരവ് (1 മാസം) പുറപ്പെടുവിച്ചിട്ടുണ്ട്. ടി റിട്ട് പെറ്റീഷൻ അവസാനം ലിസ്റ്റ് ചെയ്തത് 17-8-2009-നാണ്. കേസ് സംബന്ധിച്ച തുടർ വിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ല.

ടി പരാമർശത്തിലുൾപ്പെട്ട 84,488 രൂപ തിരിച്ചടവാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ. പി. ഉണ്ണീൻ കുട്ടി (റിട്ട. ബി.ഡി.ഒ.) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No. 37240/08 നമ്പർ ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ WP(C) No. 37240/08(G) ആയി ഇടക്കാല സ്റ്റേ ഉത്തരവ് (3 മാസം) പുറപ്പെടുവിച്ചിട്ടുണ്ട്. കേസ് സംബന്ധിച്ച തുടർ വിവരങ്ങൾ ആരായുന്നതിനായി എറണാകുളം കേരള അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നേരിട്ട് അന്വേഷിച്ചെങ്കിലും പ്രസ്തുത കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന വിവരമാണ് ലഭ്യമായത്. കേസിന്റെ വിധിപ്പകർപ്പ് ഇനിയും ലഭ്യമായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.3 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി പി. ലതയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച വിവരം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. വി. അബ്ദുള്ള (റിട്ട. ബി.ഡി.ഒ.) ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 19819/09-ാം നമ്പർ കേസ് ഇപ്പോഴും പെൻഡിംഗ് ആണ്. കേസ് അവസാനം ലിസ്റ്റ് ചെയ്തത് 17-10-2011-ൽ ആണ്.

റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. പി. ഉണ്ണീൻ കുട്ടി (റിട്ട. ബി.ഡി.ഒ.) ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 37240/08 നമ്പർ കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുന്നതിന് കേരള അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ട്.

25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.5.4 പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു.

25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.5.5 നിർദ്ധനരായ വിദ്യാർത്ഥികൾക്ക് 1,52,122 രൂപ ചെലവഴിച്ച് യൂണിഫോം തുണി വാങ്ങി വിതരണം ചെയ്ത വകയിൽ അന്നത്തെ സെക്രട്ടറിമാരായിരുന്ന ശ്രീ. വി. അബ്ദുള്ള, ശ്രീ. പി. ഉണ്ണീൻകുട്ടി എന്നിവരിൽ നിന്നും യഥാക്രമം 67,634 രൂപ, 84,488 രൂപ എന്നിങ്ങനെ തിരിച്ചടവാക്കുന്നതിന് 18-2-2009-ന് റവന്യൂ റിക്കവറിക്ക് ശിപാർശ കൊടുത്തിരുന്നു. ആയതിന്റെ തുടർ നടപടികൾ താഴെ വിവരിക്കുന്നു:

(1) ശ്രീ. വി. അബ്ദുള്ള, റിട്ട. ബി.ഡി.ഒ. ബഹു. കേരള ഹൈക്കോടതിയിൽ wp(c) No. 19819/09 നമ്പർ ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 27-5-2015-ന് റിട്ട് പെറ്റീഷന്റെ നിലവിലെ സ്റ്റാറ്റസ് Disposed എന്നു കാണുന്നു. 25-5-2015-ലെ ബഹു. ഹൈക്കോടതി വിധി അനുസരിച്ച് അർത്ഥനാധികാരി കക്ഷിയെ ഒരിക്കൽ കൂടി നേരിട്ട് കേട്ട ശേഷം ആവശ്യമെങ്കിൽ നടപടിയെടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 17-4-2018-ലെ ഡി.5/22704/2009 നമ്പർ കത്ത് പ്രകാരം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഡി.സി. സ്യൂട്ട് വഴി സമർപ്പിക്കപ്പെട്ട അർത്ഥന ഓൺലൈനായി മടക്കിയതായി അറിയിച്ചിട്ടുണ്ട്. ടിയാന്റെ ഹിയറിങ്ങ് സംബന്ധിച്ച് അനന്തരനടപടികളെ പറ്റി കളക്ടറേറ്റിൽ നിന്ന് വിവരമൊന്നും ലഭിച്ചിട്ടില്ല.

(2) ശ്രീ. പി. ഉണ്ണീൻകുട്ടി (റിട്ട. ബി.ഡി.ഒ.) ബഹു. കേരള ഹൈക്കോടതിയിൽ WP(c) No. 37240/08 നമ്പർ ആയി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ WP(c) No.37240/08 എന്ന കേസ് ഹൈക്കോടതിയിൽ ഡിസ്പോസ് ചെയ്യുകയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നേരിട്ട് അന്വേഷിച്ചപ്പോൾ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, തിരൂർ ടി കേസിൽ കക്ഷി അല്ലാത്തതിനാൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞില്ല. ഗവൺമെന്റ് പ്ലീഡറെ നേരിൽ കണ്ട് വിവരങ്ങൾ സമർപ്പിക്കുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.5.6 (1) റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. വി അബ്ദുള്ള ബഹു. കേരള ഹൈക്കോടതിയിൽ WP (c) No. 19819/09 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിന്മേൽ 25-5-2015-ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. കക്ഷിയെ ഒരിക്കൽ കൂടി നേരിൽ കേട്ടശേഷം ആവശ്യമെങ്കിൽ നടപടിയെടുക്കാമെന്നാണ് ബഹു. ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഡി.സി. സ്യൂട്ട് വഴി സമർപ്പിക്കപ്പെട്ട അർത്ഥന ജില്ലാ കളക്ടർ ഡി.5-22704/2009/, തീയതി 17-4-2018 നമ്പർ കത്ത് പ്രകാരം മടക്കിയിട്ടുണ്ട്.

ഹൈക്കോടതി വിധി പ്രകാരം കക്ഷിയെ നേരിൽ കേൾക്കുന്നതിനുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല.

(2) ശ്രീ. ഉണ്ണീൻകുട്ടി ഹൈക്കോടതിയിൽ WP(C) No.37240/08 നമ്പർ ആയി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ഡിസ്പോസ് ചെയ്തിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് കേസ് മാറ്റിയതായുള്ള ഔദ്യോഗിക രേഖകളൊന്നും ബ്ലോക്ക് പഞ്ചായത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.5.7 കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും ടി കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഹാജരായ വക്കീൽ ആരാണെന്നും കേസിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവയും അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ബഹു. ഹൈക്കോടതി വിധിയുടെയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 92

**ശിപാർശ**

2.6.1 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ വീട്ടു വയറിംഗുമായി ബന്ധപ്പെട്ടുണ്ടായ 33,325 രൂപയുടെ നഷ്ടം ഈടാക്കുന്നതിനുള്ള സർച്ചാർജ് നടപടിക്കെതിരെ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ പരാമർശത്തിന്മേൽ കോടതി വിധിക്കനുസൃതമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 ഖണ്ഡിക 92-ൽ പരാമർശിച്ചിരിക്കുന്ന പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ വീട് വയറിംഗുമായി ബന്ധപ്പെട്ട കേസിൽ (ഒ. പി. 8/2003 ആയി മഞ്ചേരി ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസ്) ഇതുവരെ തീർപ്പ് കൽപ്പിച്ചിട്ടില്ല.

24-10-2007-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.6.3 ഈ ഖണ്ഡികയിലെ ശിപാർശയിന്മേൽ ഗവൺമെന്റിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

24-10-2007-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി

2.6.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20-1-2003-ലെ LF.19238/SPLCell/ SC03/01-ലെ 2,41,085 രൂപയുടെ സർചാർജ് സർട്ടിഫിക്കറ്റിനെതിരെ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. എൻ. അലി മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേസ് ഇതുവരെ തീർപ്പ് ആയിട്ടില്ലെന്നും, കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്നും കേസ് തീർപ്പാകുന്ന മുറയ്ക്ക് ഈ പരാമർശത്തിന്മേൽ കോടതി വിധിക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.5 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബഹു. മഞ്ചേരി ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ. പി. 8/03-ാം നമ്പർ കേസ് 26-5-2014-ൽ ബഹു. കോടതി മുമ്പാകെ പരിഗണനയ്ക്ക് വരികയും വീണ്ടും വിചാരണയ്ക്കായി 16-6-2014-ലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും മഞ്ചേരി ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുണ്ട്.

25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.6.6 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ 15 ദിവസത്തിനകം സമിതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.7 ബഹു. മഞ്ചേരി കോടതിയിൽ ശ്രീ. എൻ. അലി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഫയൽ ചെയ്ത ഒ. പി. 8/03 നമ്പർ കേസ് തെളിവെടുപ്പിനായി 2-6-2015 തീയതിയിലേക്ക് മാറ്റിവയ്ക്കുകയും തുടർന്ന് 7-7-2015-ൽ കേസ് ഡിസ്പോസ് ചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23-4-2018-ലെ കത്തുപ്രകാരം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.8 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 20-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 92-ലെ ശിപാർശയുമായി ബന്ധപ്പെട്ട സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2000-01-ൽ ഉൾപ്പെട്ട പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98-ലെ പദ്ധതിയായ പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325 രൂപ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്റെ നഷ്ടോത്തരവാദം ചുമത്തപ്പെട്ട സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അലി മഞ്ചേരി ജില്ലാ കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ. പി. 8/03 നമ്പർ കേസ് 7-7-2015-ന് ബഹു. കോടതി തീർപ്പാക്കിയിട്ടുണ്ട്. കേസ് ഫയൽ ചെയ്ത ശ്രീ. എൻ. അലി (റിട്ട. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പെരിന്തൽമണ്ണ)യ്ക്ക് അനുകൂലമായാണ് കേസ് തീർപ്പാക്കിയത് എന്ന വിവരം അറിയിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.6.9 അക്കാലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന എൻ. അലി, മഞ്ചേരി ജില്ലാ കോടതിയിൽ നൽകിയ ഒ. പി. നമ്പർ 8/2003 എന്ന കേസിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1996 പ്രകാരം സർചാർജ് നോട്ടീസ് നൽകിയശേഷം 4 മാസത്തിനകം സർചാർജ് സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ മഞ്ചേരി ജില്ലാ കോടതി 7-7-2015-ലെ ഉത്തരവിൻപ്രകാരം ശ്രീ. എൻ. അലിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സർചാർജ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് കൊണ്ട് വിധി പ്രഖ്യാപിച്ചിട്ടുണ്ട്.

(സർചാർജ് നോട്ടീസിലെ തീയതി - 20-1-2003.

സർചാർജ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയത് - 1-2-2003)

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.10 അക്കാലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അലി, മഞ്ചേരി ജില്ലാ കോടതിയിൽ നൽകിയ ഒ. പി. നമ്പർ 8/2003 എന്ന കേസിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1996 പ്രകാരം സർചാർജ് നോട്ടീസ് നൽകിയശേഷം 4 മാസത്തിനകം സർചാർജ് സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ മഞ്ചേരി ജില്ലാ കോടതി 7-7-2015-ലെ ഉത്തരവ് പ്രകാരം ശ്രീ. എൻ. അലിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സർചാർജ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് കൊണ്ട് വിധി പ്രഖ്യാപിച്ചിട്ടുണ്ട്. സർചാർജ് സർട്ടിഫിക്കറ്റ് മാത്രമാണ് കോടതി റദ്ദാക്കിയിട്ടുള്ളത് നഷ്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**തുടർശിപാർശ**

**2.6.11 സർചാർജ് സർട്ടിഫിക്കറ്റ് മാത്രമേ ബ<u>ഹു</u>. കോടതി റദ്ദാക്കിയിട്ടുള്ളുവെന്നും നഷ്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>ഖണ്ഡിക നമ്പർ 96</u>

**ശിപാർശ**

2.7.1 കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ 69,160 രൂപയുടെ നഷ്ടം പലിശ സഹിതം കുറ്റക്കാരനായ റിട്ടയേർഡ് സെക്രട്ടറി ശ്രീ. എൻ. അലിയിൽ നിന്ന് ഈടാക്കുന്നതിനുള്ള നിയമനടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.2 പ്രസ്തുത പരാമർശത്തിനെതിരെ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പരിശോധിച്ചില്ല എന്ന പരാമർശമുണ്ടെന്നും 5-6-2006-ലെ ഇതേ നമ്പർ കത്തിൽ കുഴൽ കിണർ കുഴിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിലുണ്ടായ 69,160 രൂപയുടെ നഷ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. എൻ. അലിയിൽ നിന്നും ഈടാക്കുന്നതിന് നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 11-10-2007-ലെ BP 92/2000 നമ്പർ കത്ത് പ്രകാരം ടിയാന് കത്ത് അയച്ചിരുന്നതായും 2-11-2007-ൽ ടിയാനിൽ നിന്ന് ലഭിച്ച മറുപടിയിൽ ടി ഖണ്ഡിക ഉൾപ്പെടെയുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും മഞ്ചേരി ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഈ പരാമർശം കൂടി ഉൾപ്പെട്ടതും ആണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോഴും മഞ്ചേരി ജില്ലാ കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും കോടതിയുടെ പരിഗണനയിലിരിക്കുന്ന പ്രസ്തുത കേസ് തീർപ്പാക്കുന്ന മുറക്ക് ഈ പരാമർശത്തിൻമേൽ കോടതി വിധിക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.7.3 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഫയൽ ചെയ്ത ഒ. പി. 8/03-ാം നമ്പർ കേസ് 26-5-2014-ൽ ബ<u>ഹു</u>. കോടതിയുടെ പരിഗണനയ്ക്ക് വരികയും, കേസ് വിചാരണയ്ക്കായി 16-6-2014 ലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് മഞ്ചേരി ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുണ്ട്.

25-2-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.7.4 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ 15 ദിവസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.5 ബഹു. മഞ്ചേരി ജില്ലാ കോടതിയിൽ ശ്രീ. എൻ. അലി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഫയൽ ചെയ്ത ഒ. പി. 8/03 നമ്പർ കേസ് തെളിവെടുപ്പിനായി 2-6-2015 തീയതിയിലേയ്ക്ക് മാറ്റിവെച്ചതായി ജില്ലാ കോടതിയുടെ വെബ്സൈറ്റിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

15-11-2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.7.6 പരാമർശിത വിഷയവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നിട്ടും നിശ്ചിത സമയപരിധിക്കുള്ളിൽ ആയത് ലഭ്യമാക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23-4-2018-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.7 ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റി(2004-2006)യുടെ 20-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 96-ലെ ശിപാർശയുമായി ബന്ധപ്പെട്ട സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2000-01-ൽ ഉൾപ്പെട്ട പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98-ലെ പദ്ധതിയായ കുഴൽകിണർ കുഴിച്ചതിൽ 69,160 രൂപ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്റെ നഷ്ടോത്തരവാദിത്തം ചുമത്തപ്പെട്ട സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അലി മഞ്ചേരി ജില്ലാ കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ. പി. 8/03 നമ്പർ കേസ് 7-7-2015-ന് ബഹു. കോടതി തീർപ്പാക്കിയിട്ടുണ്ട്. കേസ് ഫയൽ ചെയ്ത ശ്രീ. എൻ. അലി (റിട്ട. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പെരിന്തൽമണ്ണ)യ്ക്ക് അനുകൂലമായാണ് കേസ് തീർപ്പാക്കിയത് എന്ന വിവരവും അറിയിക്കുന്നു.

15-11-2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.7.8 ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മാപ്പാക്കി തരണമെന്ന് ബഹു. നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു. മറുപടി നൽകുന്നതിലെ കാലതാമസം ഗുരുതരമായി സർക്കാർ വീക്ഷിക്കുന്നു. നിലവിൽ സമിതി മുൻപാകെ ഉദ്യോഗസ്ഥർ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്.

അക്കാലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന എൻ. അലി മഞ്ചേരി ജില്ലാ കോടതിയിൽ നൽകിയ ഒ. പി. നമ്പർ 8/2003 എന്ന കേസിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1996 പ്രകാരം സർച്ചാർജ് നോട്ടീസ് നൽകിയ ശേഷം 4 മാസത്തിനകം സർച്ചാർജ് സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ മഞ്ചേരി ജില്ലാ കോടതി 7-7-2015-ലെ ഉത്തരവിൻപ്രകാരം ശ്രീ. എൻ. അലിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സർച്ചാർജ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത്കൊണ്ട് വിധി പ്രഖ്യാപിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.7.9 സമയബന്ധിതമായി നിയമസഭാ സമിതിക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.

നഷ്ടോത്തരവാദി ശ്രീ. എൻ. അലിക്ക് എതിരെ സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച സർചാർജ് സർട്ടിഫിക്കറ്റ് സാങ്കേതിക കാരണങ്ങളാൽ കോടതി റദ്ദാക്കുകയുണ്ടായി.

**തുടർശിപാർശ**

**2.7.10 സർചാർജ് സർട്ടിഫിക്കറ്റ് മാത്രമേ ബഹു. കോടതി റദ്ദാക്കിയിട്ടുള്ളൂവെന്നും നഷ്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നുമുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>അദ്ധ്യായം III</u>

സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും

<u>ഖണ്ഡിക നമ്പർ 10</u>

**ശിപാർശ**

3.1.1 30-6-1998-നുശേഷം, പ്രതീക്ഷിക്കുന്ന ചെലവുകൾക്കായി ചെക്കുകൾ എഴുതി പണം പിൻവലിക്കുന്നത് താൽക്കാലിക ധനാപഹരണമായി കണക്കാക്കുമെന്നും ആയതിന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്നും അനുവദിച്ചിട്ടുള്ള അക്കൗണ്ടുകളിലല്ലാതെ പദ്ധതി പണം സൂക്ഷിക്കരുതെന്നും അപ്രകാരം സൂക്ഷിച്ചിട്ടില്ല എന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപത്രം നൽകണമെന്നും ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ തിരിച്ചടക്കണമെന്നുമുള്ള, സർക്കാർ ഉത്തരവുകളിലെ, വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. കൃഷി ഓഫീസർമാർ തിരിച്ചടച്ച

56,151 രൂപ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ അറിവോ അംഗീകാരമോ ഇല്ലാതെ മറ്റൊരു കൃഷി ഓഫീസർക്ക് അധികം അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയും താത്ക്കാലിക ധനാപഹരണവുമാണ്. തദ്ദേശ സ്ഥാപനത്തിന്റെ അറിവോ അംഗീകാരമോ ഇല്ലാതെ തുക അനുവദിച്ചതിന് ഉത്തരവാദിയായ അന്നത്തെ ഒറ്റപ്പാലം കൃഷി അസി. ഡയറക്ടർ ശ്രീമതി എ. വി. ഷേർളിക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.2 തടഞ്ഞുവെച്ചിട്ടുള്ള 56151 രൂപയിൽ ക്രമപ്പെടുത്താതെ അവശേഷിക്കുന്ന 348 രൂപ ചലാൻ രസീത് നമ്പർ 27 പ്രകാരം 16-1-2008-ൽ തിരിച്ചടച്ചിട്ടുണ്ട്.

6-9-2006-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാനമനുസരിച്ച് സർക്കാരിന് ധനനഷ്ടം ഉണ്ടാകാത്ത സാഹചര്യത്തിലും കർഷകർക്ക് ഉപയുക്തമായ രീതിയിലാണ് ടി ചെലവ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാലും കൃഷി അസി. ഡയറക്ടർ ശ്രീമതി എ.വി. ഷേർളി ചെലവഴിച്ച 56151 രൂപയ്ക്ക് സാധൂകരണം നൽകുവാൻ തീരുമാനിക്കുകയും കൃഷി ഡയറക്ടറുടെ 21-5-2009-ലെ എസ്.വി.സി. (1)13444/08 നമ്പർ ഉത്തരവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ രേഖാമൂലമുള്ള അറിവോ സമ്മതമോ ഇല്ലാതെ സർക്കാർ ഉദ്യോഗസ്ഥയായ ശ്രീമതി എ. വി. ഷേർളി സ്വന്തം ഇഷ്ടപ്രകാരം പണം അനുവദിച്ച നൽകിയ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും കുറ്റകരമായ പ്രവൃത്തിയുമാണെന്നു പരാമർശിക്കുകയും മേലിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്ന് ടി ആഫീസറെ ശക്തമായി താക്കീതു നൽകി മേൽനടപടികൾ അവസാനിപ്പിച്ച് ഉത്തരവായി.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.1.3 കൃഷി ഡയറക്ടറേറ്റ് സ്പെ. വിജിലൻസ് സെല്ലിലെ വിജിലൻസ് ഓഫീസർ (ധനകാര്യം) ഈ വിഷയത്തിൽ അന്വേഷണം നടത്തി പുറപ്പെടുവിച്ച ഉത്തരവിൽ (നമ്പർ എസ്.വി.സി(1) 13444/08 തീയതി 21-5-2009) ശ്രീമതി എ. വി. ഷേർളി, കൃഷി അസിസ്റ്റന്റ് ഡയറക്ടറെ താക്കീത് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പണാപഹരണം നടന്നിട്ടില്ല എന്നും, സദുദ്ദേശത്തോടെ നടത്തിയതാണ് എന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളതിനാൽ ഖണ്ഡിക തീർപ്പാക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു.

<u>ഖണ്ഡിക നമ്പർ 13</u>

**ശിപാർശ**

3.2.1 പേ വിഷ നിയന്ത്രണ പദ്ധതി നടത്തിപ്പിലുണ്ടായ അനാവശ്യ ചെലവ് ഉത്തരവാദികളായ വെറ്ററിനറി സർജന്മാരായ ഡോ. എ. എ. കുഞ്ഞു മുഹമ്മദ്, ഡോ. ഡി. മധു എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2004-2006 ഇരുപതാമത് റിപ്പോർട്ടിലെ ഖണ്ഡിക 13 പ്രകാരം പേവിഷ നിയന്ത്രണ പദ്ധതി പ്രകാരമുണ്ടായ അനാവശ്യ ചെലവ് (നായ്ക്കളുടെ കണക്കെടുപ്പ് നടത്തിയതിന് അംഗൻവാടി അദ്ധ്യാപികമാർക്ക് പ്രതിഫലം നൽകിയത്) 25,607 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥർ സീനിയർ വെറ്ററിനറി സർജൻമാരായ ഡോ. സി. മധു, ഡോ. എ. എ. കുഞ്ഞു മുഹമ്മദ് എന്നിവരിൽ നിന്നും ഈടാക്കുന്നതിന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ബ്ലോക്ക് ഓഫീസിലെ 10-7-2006-ലെ ഡി.പി 42/06 നമ്പർ കത്തു പ്രകാരം മേൽപ്പടി ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്നത് ഡോ. ജോർജ്ജ് വർഗ്ഗീസ് ആയിരുന്നുവെന്ന് ഒറ്റപ്പാലം വെറ്ററിനറി പോളി ക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജന്റെ 26-7-2006 തീയതിയിലെ 250/06 നമ്പർ കത്തു പ്രകാരവും ഡോ. സി. മധു, ഡോ. എ. എ. കുഞ്ഞു മുഹമ്മദ് എന്നിവരുടെ 27-7-2006-ലെ കത്ത് പ്രകാരവും അറിയിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിലാണ് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഡോ. ജോർജ്ജ് വർഗ്ഗീസിൽ നിന്നും 25607 രൂപ ഈടാക്കുന്നതിന് ബ്ലോക്ക് ഓഫീസിലെ ബി. പി. 442/06 തീയതി 12-2-2008, 783/08 തീയതി 14-6-2013 നമ്പർ കത്തുകൾ പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരത്തിന് കത്തുകൾ നൽകിയിരുന്നത്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി ടി ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.2.3 ചെലവിന് ഉത്തരവാദിയായ സീനിയർ വെറ്ററിനറി സർജൻ ശ്രീ. ജോർജ്ജ് വർഗ്ഗീസിൽ നിന്നും 25,607 രൂപ ഈടാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ബ്ലോക്ക് പഞ്ചായത്ത് 14-6-2013-ൽ നൽകിയ കത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കുകയോ തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ടി വിഷയത്തിൽ തുടർനടപടികൾ ഒന്നും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തുക ഈടാക്കാനുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

<u>25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

3.2.4 പേ വിഷ നിയന്ത്രണ പദ്ധതിയുടെ നടത്തിപ്പിലുണ്ടായ അനാവശ്യ ചെലവ് സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയായി വിലയിരുത്തിയ സമിതി പ്രസ്തുത വിഷയത്തിൽ അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.5 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽ നിന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല എന്ന് 4-5-2015-ന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

26-11-2014-നുശേഷം ഈ വിഷയത്തിൽ മറ്റ് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഈ വിഷയത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സമിതിയോട് അപേക്ഷിക്കുന്നു.

15-11-2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.2.6 നഷ്ടോത്തരവാദികളിൽ നിന്നും നഷ്ടത്തുക ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

15-11-2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിന് നിന്നും ലഭിച്ച മറുപടി

3.2.7 പ്രസ്തുത കാലയളവിൽ ഡോ. ജോർജ്ജ് വർഗ്ഗീസിനാണ് ചുമതലയുണ്ടായിരുന്നതെന്ന് സീനിയർ വെറ്ററിനറി സർജൻ, ഒറ്റപ്പാലം 26-7-2006-ൽ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിരവധി തവണ കത്ത് നൽകിയിരുന്നു. എന്നാൽ ടിയാൻ 30-6-2003-ൽ മൃഗസംരക്ഷണ വകുപ്പിൽ നിന്ന് വിരമിച്ച ശേഷം വിദേശത്താണ് താമസിക്കുന്നതെന്ന് പാലക്കാട് ജില്ല മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ടിയാന്റെ മേൽവിലാസത്തിൽ കത്ത് അയച്ചിരുന്നെങ്കിലും Not Known എന്ന് രേഖപ്പെടുത്തി തിരികെവന്നു. 24-7-2018-ന് പ്രസ്തുത മേൽവിലാസത്തിൽ നേരിട്ട് അന്വേഷിച്ചെങ്കിലും ഡോ. ജോർജ്ജ് വർഗ്ഗീസിനെ പറ്റി യാതൊരു വിവരവും ലഭിച്ചില്ല.

19-12-2012-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും പ്രോജക്ട് നടപ്പിലാക്കിയതിൽ ക്രമക്കേടുകൾ ഒന്നും തന്നെ വന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കുന്നത് ഒഴിവാക്കണമെന്ന് അപേക്ഷിക്കാൻ തീരുമാനിച്ചിരുന്നു. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് ബഹു. നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.8 നഷ്ടോത്തരവാദിയായ സീനിയർ വെറ്ററിനറി സർജന്റെ വിലാസത്തിൽ കത്തുകൾ അയച്ചത് തിരികെ വന്നുവെന്നതും മേൽവിലാസത്തിൽ നേരിട്ട് അന്വേഷണം നടത്തിയിട്ടും ഉദ്യോഗസ്ഥനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് പറയുന്നത് യാഥാർത്ഥ്യമാണ്.

പ്രോജക്ട് നടപ്പാക്കിയതിൽ ക്രമക്കേടുകൾ ഒന്നും തന്നെ വന്നിട്ടില്ല എന്ന തീരുമാനം 19-12-2012-ൽ ഭരണസമിതി എടുത്തതായി കാണുന്നു. ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം നഷ്ടോത്തരവാദിയിൽ നിന്നും തുക ഈടാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 16

**ശിപാർശ**

3.3.1 മോട്ടോർ പമ്പ്സെറ്റിന് അഡ്വാൻസായി നൽകിയ തുക പലിശയില്ലാതെയാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ച സാഹചര്യത്തിൽ ഈ ആഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂറായി നൽകുന്ന തുക വിനിയോഗിക്കാതെ കൈവശം സൂക്ഷിക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്നും പലിശ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതായതിനാൽ അവർ ഇക്കാര്യത്തിൽ ജാഗ്രത കാണിക്കേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥർക്കു നൽകിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.3.3 പ്രത്യേക പരാമർശമില്ല.

ഖണ്ഡിക നമ്പർ 23

**ശിപാർശ**

3.4.1 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ പച്ചക്കറി വിത്തുൽപ്പാദന പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സമിതി 27-9-2004-ലെ തെളിവെടുപ്പുവേളയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭിച്ചിട്ടുള്ളതിനാലും ഇത് സംബന്ധമായ വൗച്ചറുകളും മറ്റ് രേഖകളും പരിശോധിച്ച് ഓരോ ഗുണഭോക്താവിനും സബ്സിഡിയായി 10,000 രൂപ വീതം നൽകിയത് ക്രമപ്രകാരമാണെന്ന് പാലക്കാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് [ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 28-10-2004-ലെ 20430/സ്പെ. സെൽ (ജി1)/2004 നമ്പർ കത്ത് പ്രകാരം] ചെയ്തിട്ടുള്ളതിനാലും ഈ ആഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.2 പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 3-1-2007 തീയതിയിലെ എൽ.എഫ്.പി. 6-1287(1)/06 നമ്പർ ഉത്തരവ് പ്രകാരം തടസ്സവാദം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 32

**ശിപാർശ**

3.5.1 വൗച്ചറുകളും മറ്റ് രേഖകളും ഇല്ലാതെ ചെലവ് ചെയ്ത 36,058 രൂപ മാനിനി മഹിളാ സമാജം കൺവീനർ ശ്രീമതി കല്യാണിക്കുട്ടിയിൽ നിന്നും ഗുണഭോക്തൃ സമിതിയംഗങ്ങളിൽ നിന്നുമായി തിരിച്ചുപിടിക്കുന്നതിന് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.2 മുതുതല പഞ്ചായത്ത് കൊട്ടുമുണ്ട മാനിനി മഹിളാസമാജത്തിന് അച്ചാർ നിർമ്മാണ പ്രോജക്ട് വഴി ധനസഹായമായി നൽകിയ 23,000 രൂപയും ഗുണഭോക്തൃവിഹിതമായി നൽകിയ 27,000 രൂപയും ഉൾപ്പെടെ 50,000 രൂപയിൽ സംഘം പ്രവർത്തനത്തിന് ചെലവഴിച്ച 49,893 രൂപയുടെ അസൽ ബില്ലുകളും വൗച്ചറുകളും കൃത്യമായ എൻട്രികളോടുകൂടിയ ബാങ്ക് പാസ് ബുക്കും ലഭ്യമായിട്ടുള്ളതും അവ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം നീക്കികിട്ടുന്നതിന്, ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും രേഖകൾ കൃത്യമായുള്ളതിനാൽ, ആയവ യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ചവന്നത് മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.5.3 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 7-5-2014-ൽ ഹാജരാക്കിയ താഴെപ്പറയുന്ന രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണ്.

1. പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക് പാസ് ബുക്ക് നമ്പർ 2167/98
2. 49,925 രൂപയുടെ ചെലവ് സ്റ്റേറ്റ്മെന്റിന്റെയും വൗച്ചറുകളുടേയും അസ്സൽ
3. ഫയൽ നമ്പർ പി. 720/05

ഖണ്ഡിക നമ്പർ 36

**ശിപാർശ**

3.6.1 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പരമ്പരാഗത കുടിൽ വ്യവസായ പരിശീലനപരിപാടിക്കായി പട്ടാമ്പി കൃഷിവിജ്ഞാനകേന്ദ്രം പ്രോജക്ട് ഓഫീസർക്ക് നൽകിയ 33,722 രൂപയുടെ ചെലവ് സംബന്ധിച്ച വൗച്ചറുകളും മറ്റ് രേഖകളും അടിയന്തരമായി പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പരിശോധനയ്ക്ക് കൈമാറണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.6.2 പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഖണ്ഡിക 36-ൽ നിർദ്ദേശിച്ച പ്രകാരം, പഞ്ചായത്ത് സെക്രട്ടറി, പരമ്പരാഗത കുടിൽ വ്യവസായ പരിശീലന പ്രോജക്ട് സംബന്ധിച്ച രേഖകൾ 10-1-2007-ൽ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. അവ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു:

1. 1997-1998-ലെ പ്രോജക്ടിലേയ്ക്ക് 50,000 രൂപ (ചെക്ക് നമ്പർ 750017/8-6-1998) നൽകിയെങ്കിലും ചെലവുകൾ നടന്നിരിക്കുന്നത് 2003-2004 സാമ്പത്തിക വർഷത്തിലായതിനാൽ 5 വർഷക്കാലത്തോളം പദ്ധതി പണം പ്രയോജനരഹിതമായി കിടന്നു. കൂടാതെ നിർദ്ദിഷ്ട കാലയളവിൽ പരിശീലനം നൽകാതെ വർഷങ്ങൾ കഴിഞ്ഞ് തുക ചെലവഴിച്ചതായ വൗച്ചറുകൾ ഓഡിറ്റിനു ഹാജരാക്കുമ്പോൾ തന്നെ പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല എന്നു വ്യക്തമാണ്.

2. പരിശീലനത്തിനുള്ള ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റുൾപ്പെടെയുള്ള വിശദവിവരങ്ങളടങ്ങിയ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. 23-3-1998-1(ജി) തീരുമാനപ്രകാരം 25 പേർക്ക് കൃഷി വിജ്ഞാനകേന്ദ്രത്തിൽ പരിശീലനം നൽകുവാൻ തീരുമാനിക്കുകയും 22 പേരെ 9 പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഹാജരാക്കിയ പരിശീലനം നൽകിയവരുടെ ലിസ്റ്റിൽ തെരഞ്ഞെടുത്തവരുടെ ആരുടേയും പേരുകളില്ല.

4. 22 തൊഴിൽരഹിതരായ യുവതികൾക്ക് പരിശീലനം നൽകിയതായി ലിസ്റ്റുണ്ടെങ്കിലും ഏപ്രിൽ 2003-ൽ 22 പേർക്കും മേയിൽ 18-ഉം ജൂണിൽ 17-പേർക്കും 300 രൂപ നിരക്കിൽ സ്റ്റൈഫന്റ് നല്കിയിട്ടുണ്ട്. എന്നാൽ 25 പേർക്ക് 2 മാസം 200 രൂപ വീതം എന്നാണ് പ്രോജക്ടിൽ വിശകലനം ചെയ്തിരിക്കുന്നത്, എന്നതിനാൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ചാണ് നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ളത്.

5. പരിശീലനത്തിനുള്ള സാമഗ്രികൾക്കായി പ്രോജക്ടിലെ ധനകാര്യവിശകലനം പ്രകാരം 5,000 രൂപ വകയിരുത്തുകയും എന്നാൽ ഇതിനു വിരുദ്ധമായി 7,016 രൂപ ചെലവാക്കിയതായും കാണുന്നു.

6. 23-7-2003-ലെ 23-ാം നമ്പർ സബ്. വൗച്ചർ പ്രകാരം കെ.എൽ. 8 സി-5816-ാം നമ്പർ വാഹനത്തിൽ 60 ലിറ്റർ ഡീസൽ വാങ്ങിയ ഇനത്തിൽ പട്ടാമ്പി എൻ.വി.എസ്. എനർജീസിനും 1,281 രൂപ 6242-ാം നമ്പർ രസീത് അനുസരിച്ച് നൽകിയതായി കാണുന്നു. കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനത്തിന് ഈ വിധത്തിലുള്ള ചെലവിന്റെ ആവശ്യകത ഓഡിറ്റിൽ മനസ്സിലാവുന്നില്ല.

7. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരമ്പരാഗത കുടിൽ വ്യവസായ പരിശീലനപദ്ധതിയുടെ ലക്ഷ്യസാക്ഷാത്ക്കാരം നിർണ്ണയിക്കുന്ന വിധത്തിലുള്ള മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. അന്യം നിന്നു പോകുന്ന പാരമ്പര്യകുടിൽ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടി 30,000 രൂപ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് തുടങ്ങാനുദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ട് വർഷങ്ങൾ കഴിഞ്ഞ് നടപ്പിലാക്കിയപ്പോൾ പരിശീലനം നൽകൽ മാത്രമാണ് യഥാർത്ഥത്തിൽ നടന്നത്. 22 പേർക്ക് പരിശീലനം നൽകിയെന്നു അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ പരിശീലനം പൂർത്തീകരിച്ചിരിക്കുന്നത് 17 പേർ മാത്രമാണ്.

1998-ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18-ലെ പരാമർശം സ്ഥിരീകരിക്കുന്ന വിധത്തിലുള്ള ചെലവുകളാണ് നടന്നിരിക്കുന്നത് എന്ന് വൗച്ചർ പരിശോധനയിൽ നിന്നും ഓഡിറ്റിൽ കണ്ടെത്തി.

മേൽ വിവരിച്ച വസ്തുതകൾ ബഹു. കമ്മിറ്റി മുൻപാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>24-10-2007-ലെ സമിതിയോഗ തീരുമാനം</u>

3.6.3 ട്രെയിനിംഗ് പ്രോഗ്രാമുകളിൽ ഗുരുതരമല്ലാത്ത പാകപ്പിഴകൾ സംഭവിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ട സമിതി, ഈ പ്രോജക്ടുകളിൽ പാകപ്പിഴകൾ സംഭവിക്കാതെ നോക്കണമെന്നും ഇത്തരം പ്രോഗ്രാമുകൾ ഡി.പി.സി. അംഗീകരിച്ച രീതിയിൽ തന്നെ നടപ്പിലാക്കണമെന്നുമുള്ള നിർദ്ദേശത്തോടുകൂടി റിപ്പോർട്ട് അംഗീകരിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.6.4 24-10-2007-ലെ യോഗത്തിൽ സമിതി ശിപാർശ ഖണ്ഡിക 36 പ്രകാരം സ്വീകരിച്ച തുടർനടപടി റിപ്പോർട്ട് ചർച്ച ചെയ്യുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ സമിതി (2004-2006) യുടെ 20-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 36-ന് ആധാരമായ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി അറിയിച്ചുകൊള്ളുന്നു.

<u>ഖണ്ഡിക നമ്പർ 79</u>

**ശിപാർശ**

3.7.1 ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിരുന്ന പ്രധാന ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ ഈ ആഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന കാര്യം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.2 മങ്കട ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച തടസ്സങ്ങൾ ഒഴിവാക്കാനുള്ള മേൽനടപടി സ്വീകരിക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്.

<u>24-10-2007-ലെ സമിതിയോഗ നിർദ്ദേശം</u>

3.7.3 ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.4 24-10-2007-ലെ യോഗ നിർദ്ദേശാനുസരണം 1999-2000-ത്തിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4-ൽ ഖണ്ഡിക 52 പ്രകാരമുള്ള മങ്കട ബ്ലോക്ക് പഞ്ചായത്തിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം (സമിതിയുടെ 20-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 79) ഒഴിവാക്കിയിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

<u>21-8-2014-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

3.7.5 മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 28-1-2008-ലെ എൽ.എഫ്.എം. 13/2102/07 നമ്പർ കത്ത് പ്രകാരം പ്രസ്തുത പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20-ാമത് റിപ്പോർട്ടിന്റെയും 24-10-2007-ലെ സമിതി യോഗത്തിന്റെയും അടിസ്ഥാനത്തിൽ 28-1-2008-ലെ എൽ.എഫ്.എം. 13/2102/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി പുനരഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 85</u>

**ശിപാർശ**

3.8.1 കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പലിശയിനത്തിൽ ഇനിയും ഈടാക്കുവാനുള്ള 2,628 രൂപ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കൺവീനറിൽ നിന്നോ കൺവീനർ അതിന് വിസമ്മതിക്കുകയാണെങ്കിൽ പ്രസ്തുത തുക പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൊണ്ടോട്ടി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ഏറനാട് തഹസിൽദാർ, കൺവീനറിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി നമ്പർ Rs. 75/PAN/12-13 തീയതി 27-12-2012 കത്ത് മുഖാന്തരം ബ്ലോക്ക് ഓഫീസിലേയ്ക്ക് നൽകിയ 2,628 രൂപ ചെലാൻ നമ്പർ 118, തീയതി 2-1-2013 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ (ROP) അടവാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.3 2628 രൂപ ചെലാൻ നമ്പർ 117/2-1-2013 പ്രകാരം സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 88</u>

**ശിപാർശ**

3.9 വ്യവസായ സംരംഭകർക്ക് 34,405 രൂപയുടെ അനർഹമായ സാമ്പത്തിക സഹായം നൽകിയെന്ന ആഡിറ്റ് പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു.

<u>ഖണ്ഡിക നമ്പർ 101, 106</u>

**ശിപാർശ**

3.10.1 കുറ്റിക്കാട് കുറ്റാട് തോട് പണിയുമായി ബന്ധപ്പെട്ട് പൊന്നാനി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ 33,778 രൂപയുടെ നഷ്ടം പലിശ സഹിതം അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ. നടരാജനിൽ നിന്ന് ഈടാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.10.2 നടുവട്ടം ഉണ്ണിനമ്പൂതിരി ലിങ്ക് റോഡ് ടാറിംഗ് പണിയുമായി ബന്ധപ്പെട്ട് പൊന്നാനി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ 40,418 രൂപയുടെ നഷ്ടത്തിനുത്തരവാദിയായ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ. നടരാജനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും നഷ്ടമായ തുക പലിശ സഹിതം ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.3 പ്രസ്തുത ഖണ്ഡികയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ നടരാജൻ സേവനത്തിൽ നിന്നും വിരമിച്ചതിനാലും സർചാർജ് തുക തിരിച്ച് പിടിക്കുന്നതിനും ചിറയിൻകീഴ് തഹസീൽദാർ മുഖാന്തരം ആർ. ആർ. നടപടി സ്വീകരിച്ചിട്ടുള്ളതാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ട സംഖ്യയും പലിശയും ചേർത്ത് താഴെപ്പറയുന്ന തുക ഈടാക്കി ഡി.ഡി. ആയി സമർപ്പിച്ചിട്ടുള്ളതാകുന്നു. ടിയാനിൽ നിന്നും തിരിച്ച് പിടിക്കേണ്ട തുക 33,778+40,418=74,196 രൂപ

| | | |
|---|---|---|
| Bank Receipt No. 13 dated 24-3-2012 | - | 11,450 |
| Bank Receipt No. 21 dated 20-4-2012 | - | 9,408 |
| Bank Receipt No. 22 dated 20-4-2012 | - | 24,803 |
| Bank Receipt No. 23 dated 20-4-2013 | - | 24,803 |
| Bank Receipt No. 24 dated 20-4-2013 | - | 24,803 |
| | | --------- |
| അകെ | - | 95,267 രൂപ. |

മുതലും പലിശയുമായി ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.10.4 ശ്രീ. പി. കെ നടരാജൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മരണമടഞ്ഞതിനാൽ ടിയാന്റെ അവകാശികളിൽ നിന്നും റവന്യൂ റിക്കവറി വഴി 95,267 രൂപ പലിശ സഹിതം ഈടാക്കി ചിറയിൻകീഴ് തഹസീൽദാർ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 115</u>

**ശിപാർശ**

3.11.1 ഭാവിയിൽ ഇത്തരം സ്റ്റോർ പർച്ചേസ് ചട്ട ലംഘനങ്ങൾ ആവർത്തിക്കില്ലെന്നുറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ടി ഓഫീസിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നത്. ഓരോ വാങ്ങലുകളും സ്റ്റോക്ക് രജിസ്റ്ററിൽ

രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. കൂടാതെ സ. ഉ. (കൈ.) 259/2010/ത.സ്വ.ഭ.വ. തീയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലും അതിനെ തുടർന്നു വന്ന ഭേദഗതികളും പിന്തുടർന്നു വരുന്നു. ഓരോ പർച്ചേസിലും നിശ്ചിത ഗുണനിലവാരവും മിതവ്യയവും ഉറപ്പുവരുത്തുന്നുണ്ട്. ബഹു. കേരള നിയമസഭ സമിതിയുടെ നിർദ്ദേശപ്രകാരം നിലവിൽ ഇത്തരം പർച്ചേസ് ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്നതിനാലും പിന്നീട് ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതിനാലും മറുപടി പരിഗണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.11.3 ബ്ലോക്ക് പഞ്ചായത്ത് മറുപടി അംഗീകരിക്കാവുന്നതാണ്. നിലവിൽ ടി ഓഫീസിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നത്. ഓരോ വാങ്ങലുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. തുടർ വർഷങ്ങളിലെ ഓഡിറ്റ് വേളകളിൽ ഇത്തരം അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഖണ്ഡിക നമ്പർ 124

**ശിപാർശ**

3.12.1 ഭാവിയിൽ ഇത്തരത്തിലുള്ള സ്റ്റോർ പർച്ചേസ് ചട്ടലംഘനങ്ങൾ ആവർത്തിക്കുകയില്ലെന്നുറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.12.2 ഭാവിയിൽ ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.12.3 ബ്ലോക്ക് പഞ്ചായത്തിന്റെ തുടർന്നുള്ള റിപ്പോർട്ടുകളിൽ ഇത്തരം ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനവരി, 13.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.4 | തദ്ദേശ സ്വയംഭരണം | പ്രസ്തുത ശിപാർശയിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു |
| 2 | 2.2.9 | ” | വ്യവസായ വികസന ഓഫീസർക്കെതിരെ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാനും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു |
| 3 | 2.3.6 | തദ്ദേശ സ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ വാങ്ങിയിരുന്ന ആംബുലൻസ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാക്കണമെന്ന സമിതി നിർദ്ദേശം പാലിക്കാതിരുന്ന ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സമിതിയുടെ മുൻശിപാർശ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു |
| 4 | 2.4.7 | തദ്ദേശ സ്വയംഭരണം | ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്മേലുള്ള സ്റ്റേ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടോത്തരവാദികളിൽ നിന്നും നഷ്ടത്തുക ഈടാക്കി അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു |
| 5 | 2.5.7 | ” | കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും ടി കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഹാജരായ വക്കീൽ ആരാണെന്നും കേസിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവയും അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു അതോടൊപ്പം ബഹു. ഹൈക്കോടതി വിധിയുടെയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 2.6.11 | തദ്ദേശ സ്വയംഭരണം | സർചാർജ് സർട്ടിഫിക്കറ്റ് മാത്രമേ ബഹു. കോടതി റദ്ദാക്കിയിട്ടുള്ളൂവെന്നും നഷ്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7 | 2.7.10 | ” | സർചാർജ് സർട്ടിഫിക്കറ്റ് മാത്രമേ ബഹു. കോടതി റദ്ദാക്കിയിട്ടുള്ളൂവെന്നും നഷ്ടത്തുക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നുമുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |